# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)979/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/12/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷ്ണർ,എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)979/2020 തീയ്യതി: 02/12/2021

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-08-2019 മുതൽ 30-06-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 15-07-2020 | 24-07-2020 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2020 | 24-07-2020 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ രാജീവ് എം എസ്,ഓഡിറ്റ് ഓഫീസർ,
ശ്രീ പ്രവീൺ വി എൻ, ഓഡിറ്റർ,
ശ്രീമതി സ്വപ്ന വി,ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജോസി ജോളി വട്ടക്കുഴി | പ്രസിഡന്റ് | 01-04-2019 | 11-02-2020 |
| ശ്രീമതി ലിസി ജോളി വട്ടക്കുഴി | പ്രസിഡന്റ് | 12-02-2020 | 31-03-2020 |
| ശ്രീമതി സഹിത എം എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സജി വി കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 03-01-2020 |
| ശ്രീമതി ടാനി കെ തോമസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 04-01-2020 | 31-03-2020 |
| ശ്രീമതി ശ്രീകല എം ചന്ദ്രൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ നൌഫൽ അലി കെ എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി സൌമ്യ എം ജോസഫ് | സി.ഡി.പി.ഒ | 01-04-2019 | 23-02-2020 |
| ശ്രീമതി സുഹറ സി എച്ച് | സി.ഡി.പി.ഒ | 24-02-2020 | 31-03-2020 |
| ശ്രീമതി ഷൈനിമോൾ കെ ബി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി മെറീന പോൾ | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ പ്രിയ പോൾ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ആൻസിലി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.പണ്ടപ്പിള്ളി) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഐസക് | | | |
| ഡോ ജെയ്മോൾ വി ജെ | മെഡിക്കൽ ഓഫീസർ(പി എച്ച് സി,കല്ലൂർക്കാട്) | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ പ്രകാരം)<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-11 |
| 12 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-നിർമ്മാണ സാമഗ്രികളുടെ വില നല്കിയത്-ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-12 |
| 13 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-13 |
| 14 | രസീതു ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-14 |
| 15 | വാടക രജിസ്റ്റർ അപൂർണ്ണം<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-15 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സം<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 1-16 |
| 17 | | 1-17 |

| | | |
|---|---|---|
| | പൂർണ്ണമായ പ്ലാൻ, വിശദമായ എസ്റ്റിമേറ്റ് എന്നിവ കൂടാതെ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നു<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | |
| **ഭാഗം 2** | | |
| 1 | വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 01-12-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-12-2021) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-12-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-12-2021) | 4-7 |
| 8 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 02-12-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 22.02.19 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-2020 | 31.7.2020 | 02.06.2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16554321 |
| വരവ് | 39001095 |
| ആകെ | 55555416 |
| ചെലവ് | 38417497 |
| നീക്കിയിരിപ്പ് | 17137919 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 37902000 | 37902000 | 25068330 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | | 0 | 8120000 | 8120000 | 4384009 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 0 | 501000 | 501000 | 140000 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 0 | 4971000 | 4971000 | 1935863 | 0 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്-തനത്) | | 2725407 | 5605539 | 8330946 | 5320960 | 3009986 |
| STSB 14 | | 260659 | 0 | 260659 | 260659 | 0 |
| SIGN For SHGs | | 3640 | 116 | 3756 | 0 | അക്കൗണ്ട് ക്ലോസ് ചെയ്തു. (3756/- രൂപ 04.01.2020 ൽ തിരിച്ചടച്ചു) |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | | 379257 | 0 | 379257 | 0 | 379257 |
| CANARA BANK- IAY (52380) | | 12355444 | 1544383 | 13899827 | 849663 | 13050164 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | TSC | 258556 | 8906 | 267462 | 0 | 267462 |
| | EDCB, IAY(Loan) | 10219 | 0 | 10219 | 0 | അക്കൗണ്ട് ക്ലോസ് ചെയ്തു. (10219/-രൂപ 09.01.2020 ൽ തിരിച്ചടച്ചു) |
| PYKA | | 192571 | 4837 | 197408 | 0 | അക്കൗണ്ട് ക്ലോസ് ചെയ്തു. (197408/- രൂപ 04.01.2020 ൽ തിരിച്ചടച്ചു) |
| UBI Misc | | 347375 | 672613 | 1019988 | 594299 | 425689 |
| Canara Bank - MKSP | | 71 | 4 | 75 | 0 | 75 |
| GST | | 3532 | 1790 | 5322 | 36 | 5286 |
| Canara Bank -PMAY-Administrative Fund | | 17590 | 393 | 17983 | 16208 | അക്കൗണ്ട് ക്ലോസ്ചെയ്തു. |

| | | | | | |
|---|---|---|---|---|---|
| | | | | | (1775/- രൂപ 27.11.2019 ൽ തിരിച്ചടച്ചു) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 140 | 63213177 | 83 | 31713634 | 4 | 53 | 59.28 |

2019-2020 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുകയുടെ ചെലവ് വിവരങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ നിന്നുള്ള ചെലവ് പത്രികയിൽ ചെലവ് കോളത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.07.2020 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പ്രസ്തുത ദിവസം കളക്ഷനൊന്നും ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

തദ്ദേശ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിന് 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. 2019-2020 സാമ്പത്തിക വർഷം തനത് ഫണ്ട്, വികസന ഫണ്ട്, സംയുക്ത പ്രോജക്ടുകൾക്ക് പഞ്ചാത്ത് വിഹിതം തുടങ്ങിയ ഫണ്ടുകൾ മുഖേന സെക്രട്ടറി നടപ്പിലാക്കിയ (പ്രോജക്ട് നം.149, 32, 160, 159, 10), ക്ഷീര വികസന ഓഫീസർ നടപ്പിലാക്കിയ (പ്രോജക്ട് നം. 105), അസിസ്റ്റന്റ് എക്സിക്യൂട്ടീവ എഞ്ചിനീയർ നടപ്പിലാക്കിയ (പ്രോജക്ട് നം.87), അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ (പ്രോജക്ട് നം.51, 130) പദ്ധതികളുടെ ചെലവ് വിവരം സുലേഖ പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല, പ്രസ്തുത പദ്ധതികളുടെ തുക കൊടുക്കുന്ന സമയത്ത് ചെലവ് വിവരങ്ങൾ അനുബന്ധ സോഫ്റ്റ് വെയറുകളിൽ അപ്ഡേറ്റ് ചെയ്യാത്തതുകൊണ്ടാണ് ഇത്തരത്തിൽ അപാകതകൾ സംഭവിക്കുന്നത്.
2. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
3. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ, മേൽ ഇനങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.
4. വാടക രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.10.19 മുതൽ 12.10.2019 വരെ | 2018-19 | 09.03.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ | 15.12.14 മുതൽ 20.12.14 വരെ | 2009-10 മുതൽ 2013-14 വരെ | 18.4.2015 |

| ഓഡിറ്റ് | | |
|---|---|---|

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-12 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-നിർമ്മാണ സാമഗ്രികളുടെ വില നല്കിയത്-ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|---|
| 1 | 117/19-20 | മേക്കടമ്പ് ഡിവിഷൻ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് ചെയ്യുന്നതിന് സാമഗ്രികൾ വാങ്ങുന്നതിനാവാശ്യമായ തുക നൽകൽ | 1,50,000 | 1,50,000 | 15/19-20, 29.06.2019 |
| 2 | 119/19-20 | ആരക്കുഴ ഡിവിഷനിലെ വിവിധ റോഡുകൾ/നടപ്പാതകൾ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് ചെയ്യുന്നതിന് നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിനാവാശ്യമായ തുക നൽകൽ | 5,90,000 | 5,90,000 | 27/19-20, 29.06.2019 |
| ആകെ | | | | 7,40,000 | |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തുകളിലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾക്കായി നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ വിലയായി വിതരണക്കാരന് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ബില്ലുകളുടെ പകർപ്പുകൾ, ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ശുപാർശ, മെറ്റീരിയൽസ് വിതരണം ചെയ്തതിന്റെ ബില്ല്, പൂർത്തീകരണ സാക്ഷ്യപത്രം തുടങ്ങിയ അനുബന്ധ രേഖകൾ ഒന്നും തന്നെ ഹാജരാക്കാതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.07.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.3 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതികളുടെ അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2019-2020 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | പ്രോജക്ട് നം.& പേര് | തുക | ബിൽ നമ്പർ, തീയിതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 32/19-20, ആവോലി ഡിവിഷനിലെ വൈദ്യുതി ലൈൻ നീട്ടൽ | 79532 | - | കെ.എസ്.ഇ.ബി. |
| 2 | 33/19-20, വാളകം ഡിവിഷനിൽ 3, 4 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 148256 | 58/ 18.01.20 | കെ.എസ്.ഇ.ബി |
| 3 | 57/19-20, അഞ്ചൽപെട്ടി ഡിവിഷനിലെ വിവിധ റോഡുകളിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിയ്ക്കൽ | 99992 | 49/18.01.20 88/30.3.20 | കെ.എസ്.ഇ.ബി. |
| 4 | 62/19-20, മാറാടി ഡിവിഷനിലെ വിവിധ റോഡുകളിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിയ്ക്കൽ | 99400 | 41/ 30.09.19 | കെ.എസ്.ഇ.ബി. |
| 5 | 148/19-20, ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്ലാസ്റ്റിക്ക് ഷ്രഡിംങ്ങ് യൂണിറ്റിലേക്ക് LT ത്രീഫേസ് ഇൻഡസ്ട്രീയൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി. യിൽ തുക അടവാക്കൽ | 57486 | 14/ 29.06.19 | കെ.എസ്.ഇ.ബി. |

| | | | | |
|---|---|---|---|---|
| 6 | 101/19-20, ആരക്കുഴ ഡിവിഷനിൽ എസ്.സി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 300000 | 54/ 18.01.20 | കേരള വാട്ടർ അതോറിറ്റി |
| 7 | 44/19-20, അഞ്ചൽപെട്ടി ഡിവിഷനിലെ വിവിധ റോഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 100000 | 56/ 18.01.20 | കേരള വാട്ടർ അതോറിറ്റി |
| 8 | 102/19-20, തലയിണപ്പാറ എസ്.സി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 350000 | 53/ 18.01.20 | കേരള വാട്ടർ അതോറിറ്റി |
| 9 | 60/19-20, മേക്കടമ്പ് ഡിവിഷനിലെ വിവിധ റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 130000 | 39/ 30.09.19 | കേരള വാട്ടർ അതോറിറ്റി |
| 10 | 37/19-20, കാവുംപടി തോട്ടുംപുറം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 140000 | 48/ 18.01.19 | കേരള വാട്ടർ അതോറിറ്റി |
| 11 | 41/19-20, മഞ്ഞള്ളൂർ ഡിവിഷനിലെ വിവിധ റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 200000 | 42/ 30.09.19 | കേരള വാട്ടർ അതോറിറ്റി |
| 12 | 58/19-20, കൊള്ളിക്കാട് ചാലിൽ അംഗൻവാടി പൈപ്പ് ലൈൻ നീട്ടൽ മുളവൂർ ഡിവിഷൻ | 130000 | 59/ 18.01.19 | കേരള വാട്ടർ അതോറിറ്റി |
| 13 | 91/19-20, അട്ടുപറമ്പ് ഡിവിഷനിലെ വിവിധ റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 130000 | 61/ 18.01.19 | കേരള വാട്ടർ അതോറിറ്റി |
| 14 | 92/19-20, പായിപ്ര ഡിവിഷനിലെ പൈപ്പ് ലൈൻ നീട്ടൽ | 140000 | 49/ 18.01.19 | കേരള വാട്ടർ അതോറിറ്റി |
| 15 | 103/19-20, മഞ്ഞള്ളൂർ എസ്.സി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 300000 | 43/ 30.09.19 | കേരള വാട്ടർ അതോറിറ്റി |
| 16 | 61/19-20, മാറാടി ഡിവിഷനിലെ വിവിധ റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 100000 | 34/ 09.10.19 | കേരള വാട്ടർ അതോറിറ്റി |
| 17 | 162/19-20, മഞ്ഞള്ളൂർ മാറാടി പഞ്ചായത്തിലെ പുൽകൊടിതണ്ട് ചാരപ്പുറം എസ്.സി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | 33/ 20.09.19 | കേരള വാട്ടർ അതോറിറ്റി |
| | **ആകെ** | **3004666** | | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി ചെലവഴിച്ച 30,04,666/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 രസീതു ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

സ്ഥാപനത്തിന്റെ രസീതുബുക്കുകളുടേതായി ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സാംഖ്യ രസീതുകൾ മാത്രമാണ് സ്റ്റോക്കിൽ ചേർത്തതായി കാണുന്നത്. മാനുവൽ രസീതുകളുടെ സ്റ്റോക്ക്, രജിസ്റ്ററിൽ ചേർത്തിട്ടില്ല. നിർവഹണോദ്യോഗസ്ഥരുൾപ്പെടെയുള്ളവർ ഉപയോഗിക്കുന്ന (നിലവിൽ ഉപയോഗിക്കുന്നവയുൾപ്പെടെ ചേർത്തിട്ടുള്ള) രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 വാടക രജിസ്റ്റർ അപൂർണ്ണം

സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി-15 ൽ ₹205716/- ആണ് വാടകയിനത്തിൽ വർഷാവസാനം പിരിഞ്ഞു കിട്ടാനുള്ള കുടിശികയായി കൊടുത്തിട്ടുള്ളത്. ലഭ്യമാക്കിയ വാടക രജിസ്റ്റർ അപൂർണ്ണമായതിനാൽ ഈ കുടിശികയുടെ വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. യഥാർത്ഥ കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. രജിസ്റ്റർ പൂർത്തിയാക്കി ഡി സി ബി കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് സത്വരനടപടി ഉണ്ടാകേണ്ടതുമാണ്.

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-രേഖകൾ ഹാജരാക്കിയില്ല. ചെലവ് തടസ്സം

| | |
|---|---|
| **പ്രൊജക്ടിന്റെ പേര്** | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| **പ്രൊജക്ട് നം** | SO 29/20 |
| **നിർവഹണ ഉദ്യോഗസ്ഥൻ** | പട്ടികജാതി വികസന ഓഫീസർ |
| **അടങ്കൽ തുക** | 350000/- |
| **ചെലവഴിച്ച തുക** | 350000/- |
| **ബിൽ നം /തീയതി** | CB No.1/19-20- 235000/-/27.09.19<br>CB No.2/19-20- 115000/- /15.10.19 |

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്ടിൽ (പ്രൊജക്ട് നം. SO 29/20) 25,000/- രൂപ സ്കോളർഷിപ്പ് തുക കൈപ്പറ്റിയിട്ടുള്ള ശ്വേത രാജ് (CB No.1 Sl No.9)എന്ന വിദ്യാർത്ഥിനി ഉൾപ്പെട്ടിട്ടുള്ള മഞ്ഞള്ളൂർ പഞ്ചായത്തിന്റെ ഗുണഭോക്തൃ പട്ടിക ഫയലിൽ ലഭ്യമല്ല. ഈ വിദ്യാർത്ഥിനി ഉൾപ്പെട്ടിട്ടുള്ള അംഗീകൃത ഗുണഭോക്തൃ പട്ടിക ഹാജരാക്കുന്നതു വരേയ്ക്കും ₹25,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 പൂർണ്ണമായ പ്ലാൻ, വിശദമായ എസ്റ്റിമേറ്റ് എന്നിവ കൂടാതെ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നു

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ പൂർണ്ണമായ പ്ലാൻ വിശദമായ എസ്റ്റിമേറ്റ് (ഇലക്ട്രിക്കൽ, പ്ലംബിങ് വേലകളും പെയിന്റിങ്ങും അടക്കം) എന്നിവ തയ്യാറാക്കിയിരിക്കേണ്ടതും ലഭ്യമായ ഫണ്ട് അപര്യാപ്തമെങ്കിൽ ബഹുവർഷ പദ്ധതികളായി അംഗീകാരം വാങ്ങി നിർവഹണം നടത്താവുന്നതാണെന്നും 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അനുശാസിക്കുന്നു. എന്നാൽ പലപ്പോഴും ഈ വ്യവസ്ഥ പാലിക്കാതെയാണ് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പല കെട്ടിടങ്ങളുടെയും നിർമ്മാണം ഏറ്റെടുത്ത് വരുന്നത്.

ഉദാ: പ്രൊജക്ട് നം.136/20 മഞ്ഞള്ളൂർ വനിതാ വിപണന കേന്ദ്രം(മൂന്നാം ഘട്ടം) അടങ്കൽ-₹441824/-

നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മൂന്നാം ഘട്ടത്തിലെത്തിയിട്ടും ഈ പദ്ധതിയിലെ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടില്ല. ഇനിയും എത്ര ഘട്ടങ്ങൾ വേണ്ടിവരുമെന്നോ എന്ന് പദ്ധതി പൂർത്തിയാകുമെന്നോ വ്യക്തമല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്.

ഭാവിയിൽ നിർമാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് എന്ന് ഭരണ സമിതിയും നിർവഹണ ഉദ്യോഗസ്ഥനും ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP 31 ലെ 320700205 ഹെഡ്ഡിൽ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും 10,85,483/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വരവായി കാണിച്ചിരിക്കുന്നത് കറക്ഷൻ എൻട്രികൾ മുഖേന

350409901-Refund Payable Others ഹെഡ്ഡിലേക്ക് എെ.എ.വൈ ഹൗസിംങ്ങ് സ്കീം പ്രകാരം തിരച്ചടച്ച തുകയും (3,09,954 + 2,90,827), 171100101-Interest From Bank Accounts ഹെഡ്ഡിലേക്ക് Canara Bank IAY ബാങ്ക് അക്കൗണ്ടിൽ നിന്നും ലഭിച്ച പലിശയും (3,68,306), 431400123-Receivable Towards Others Receipts എന്നീ ഹെഡ്ഡിലേക്ക് ലഭിച്ചിരിക്കുന്ന (1,16,396) തുകകളുമാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 32/19-20, ആവോലി ഡിവിഷനിലെ വൈദ്യുതി ലൈൻ നീട്ടൽ | - | 79532 | 0 | 79532 |
| കെ.എസ്.ഇ.ബി | 33/19-20, വാളകം ഡിവിഷനിൽ 3, 4 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 58/ 18.01.20 | 1482560 | 0 | 148256 |
| കെ.എസ്.ഇ.ബി. | 57/19-20, അഞ്ചൽപെട്ടി ഡിവിഷനിലെ വിവിധ റോഡുകളിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ | 49/18.01.20 88/30.3.20 | 99992 | 0 | 99992 |
| കെ.എസ്.ഇ.ബി. | 62/19-20, മാറാടി ഡിവിഷനിലെ വിവിധ റോഡുകളിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ | 41/ 30.09.19 | 99400 | 0 | 99400 |
| കെ.എസ്.ഇ.ബി. | 148/19-20, ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്ലാസ്റ്റിക്ക് ഷ്രഡിംങ്ങ് യൂണിറ്റിലേക്ക് LT ത്രീഫേസ് ഇൻഡസ്ട്രിയൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി. യിൽ തുക അടവാക്കൽ | 14/ 29.06.19 | 57486 | 0 | 57486 |
| കേരള വാട്ടർ അതോറിറ്റി | 101/19-20, ആരക്കുഴ ഡിവിഷനിൽ എസ്.സി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 54/ 18.01.20 | 300000 | 0 | 300000 |
| കേരള വാട്ടർ അതോറിറ്റി | 44/19-20, അഞ്ചൽപെട്ടി ഡിവിഷനിലെ വിവിധ റോഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 56/ 18.01.20 | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | 102/19-20, തലയിണപ്പാറ എസ്.സി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 53/ 18.01.20 | 350000 | 0 | 350000 |
| കേരള വാട്ടർ അതോറിറ്റി | 60/19-20, മേക്കടമ്പ് ഡിവിഷനിലെ വിവിധ റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 39/ 30.09.19 | 130000 | 0 | 130000 |
| കേരള വാട്ടർ അതോറിറ്റി | 37/19-20, കാവുംപടി തോട്ടുംപുറം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 48/ 18.01.19 | 140000 | 0 | 140000 |
| കേരള വാട്ടർ അതോറിറ്റി | 41/19-20, മഞ്ഞള്ളൂർ ഡിവിഷനിലെ വിവിധ റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 42/ 30.09.19 | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | 58/19-20, കൊള്ളിക്കാട് ചാലിൽ അംഗൻവാടി പൈപ്പ് ലൈൻ നീട്ടൽ മുളവൂർ ഡിവിഷൻ | 59/ 18.01.19 | 130000 | 0 | 130000 |
| കേരള വാട്ടർ അതോറിറ്റി | 91/19-20, അട്ടപറമ്പ് ഡിവിഷനിലെ വിവിധ | 61/ 18.01.19 | 130000 | 0 | 130000 |

| | | | | | |
|---|---|---|---|---|---|
| | റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | | | |
| കേരള വാട്ടർ അതോറിറ്റി | 92/19-20, പായിപ്ര ഡിവിഷനിലെ പൈപ്പ് ലൈൻ നീട്ടൽ | 49/ 18.01.19 | 140000 | 0 | 140000 |
| കേരള വാട്ടർ അതോറിറ്റി | 103/19-20, മഞ്ഞള്ളൂർ എസ്.സി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 43/ 30.09.19 | 300000 | 0 | 300000 |
| കേരള വാട്ടർ അതോറിറ്റി | 61/19-20, മാറാടി ഡിവിഷനിലെ വിവിധ റോഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 34/ 09.10.19 | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | 162/19-20, മഞ്ഞള്ളൂർ മാറാടി പഞ്ചായത്തിലെ പൂൽകൊടിതണ്ട് ചാരപ്പുറം എസ്.സി കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 33/ 20.09.19 | 500000 | 0 | 500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| എ.െ.എ.വൈ | 012/48313/LN794/1028 Dtd 26.04.2013 | 42,75,000 | 16,04,236 | 14,26,500 | - | 1,77,736 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39001095 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38417497 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3029666 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 30,04,666 | ശ്രീമതി സഹിത എം എസ്, സെക്രട്ടറി |
| 1-16 | 25,000 | ശ്രീമതി.ഷൈനിമോൾ.കെ.ബി, പട്ടികജാതി വികസന ഓഫീസർ |

**(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

**(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സഹിത എം. എസ്, സെക്രട്ടറി | സെക്രട്ടറി, മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്ത് | പെരുംപുഞ്ചയിൽ, ഞീഴൂർ പിഒ, കോട്ടയം |
| ശ്രീമതി.ഷൈനിമോൾ.കെ.ബി, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, മൂവാറ്റുപുഴ | നിരപ്പേൽ, മാതിരപ്പിള്ളി പി.ഒ, കോതമംഗലം, എറണാകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998<br>1998-1999<br>1999-2000<br>2000-2001<br>2001-2002 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2003-2004<br>2004-2005<br>2007-2008<br>2008-2009<br>2009-2010 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2012-2013 | കെ.എസ്.എ.-ഇ.കെ.എം.(ബിപി)1300/2019 തീയതി 06.09.2019 |
| 2013-2014<br>2014-2015 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.2) 586/2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 352/2017 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 2193/2017/ 15.12.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1272/19 തീയതി 30.09.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 1553/19 തീയതി 15.10.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഫീസ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ** 2019-2020 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

**ജോയിന്റ് ഡയറക്ടർ**

**2019-2020 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ**

1. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കെട്ടിട വാടക ഡിമാന്റ് (I-3), കളക്ഷൻ (RP43), ബാലൻസ് (B15) തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാർഷിക ധനകാര്യ പത്രിക പ്രകാരം | | രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|
| | Arrears | Current | Arrears | Current |
| ഡിമാന്റ് | 128034 | 258060 | 103355 | 264060 |
| കളക്ഷൻ | 128034 | 52344 | 180270 | |
| ബാലൻസ് | 0 | 205716 | 187145 | |

2019-2020-ലെ ധനകാര്യ പത്രിക, വാടക രജിസ്റ്റർ എന്നിവ പ്രകാരം വാടക അരിയർ തുകയിൽ 18571/- രൂപയുടെ വ്യത്യാസം ഉണ്ട്. കെട്ടിട വാടക രജിസ്റ്ററിൽ വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് (ഡി.സി.ബി) തയ്യാറാക്കുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിലെ ഐ.എ.വൈ വായ്പ തിരിച്ചടവ് നീക്കിബാക്കി തുക ബ്ലോക്കിലെ വായ്പയുമായി ബന്ധപ്പെട്ട ഫയലിലെ വിവരങ്ങളും മറ്റ് അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ഐ.എ.വൈ വായ്പയിൽ (330500102- Secured Loan from Co operative Banks) മുന്നിരിപ്പ് തുകയായ 33,25,000/-രൂപയിൽ നിന്ന് തൻവർഷം 14,26,500/- രൂപ തിരിച്ചടത് കഴിഞ്ഞ് നീക്കിയിരിപ്പായി 18,98,500/- രൂപയാണ് അവശേഷിക്കുന്നത്. എന്നാൽ 2018-19 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 16,04,236/- രൂപയാണ് ഇതിൽ നിന്നും 2019-20 ൽ വായ്പ പ്രിൻസിപ്പൽ തുകയായി തിരിച്ചടച്ച 14,26,500/- രൂപ കുറച്ചാൽ വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 1,77,736/- രൂപയാണ്. ഐ.എ.വൈ വായ്പയുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല ആയതുകൊണ്ട് ലഭ്യമാക്കിയിട്ടുള്ള ഫയലുകളിൽ നിന്നും ഇതു സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല.

3. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

**ജോയിന്റ് ഡയറക്ടർ**

***Annexure – 1***

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **MOOVATTUPUZHA BLOCK PANCHAYAT** in Ernakulam District for the year ended on 31.03.2020 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the Rules their under and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions.

In my opinion, the Financial Statement of **MOOVATTUPUZHA BLOCK PANCHAYAT** for the year 2019-2020 subject to the observations in the Annexure-2 properly presents the picture of income, expenditure and closing balance.

**JOINT DIRECTOR**

**Defects found in the audit of Annual Financial Statement for the year 2019-2020**

1. Demand, Collection and Balance of the Building Rent shown in the AFS are not matched with the Rent Register. Details given below.

| | Annual Financial Statement | | Register | |
|---|---|---|---|---|
| | **Arrears** | **Current** | **Arrears** | **Current** |
| Demand (I-3) | 128034 | 258060 | 103355 | 264060 |
| Collection(RP43) | 128034 | 52344 | 180270 | |
| Balance (B15) | 0 | 202716 | 187145 | |

There is a difference of Rs.18,571/- in the rent arrears amount as per the Annual Financial Statement and Rent Register for 2019-2020. Demand, collection and balance (DCB) is not prepared at the end of the financial year.

2. As per the Annual Financial Statement for the year 2019-2020, the opening balance of IAY Loan as on 01.04.2019 is Rs. 33,25,000/-. During the current year (2019-2020) the amount paid to the loan account is Rs.14,26,500/-. Hence the closing balance as on 31.03.2019 has been recorded as Rs.16,04,236/- only. Accordingly, the closing balance as on 31.03.2020 has to be Rs.1,77,736/- only (16,04,236-14,26,500). Since Loan Register is not maintained this difference has not been satisfactorily explained.

3. Assests including land are not fully accounted and recorded in the Asset Register and are not reconciled with annual accounts.

**JOINT DIRECTOR**